# Academic Master Plan

## GHSS HOSDURG 2025



GHSS
HOSDURG





# ആമുഖം

ഹോസ്ദുർഗ്ഗ് താലൂക്കിന്റെ സിരാകേന്ദ്രമായ പുതിയകോട്ടയുടെ ഹൃദയഭാഗത്ത് ചരിത്ര സ്മരണകളുറങ്ങുന്ന മാന്തോപ്പിൽ തലയുയർത്തി നിൽക്കുന്ന ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, ഹോസ്ദുർഗ്ഗിന്റെ പൂർവ്വ കാലത്തെക്കുറിച്ചറിയാൻ കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിലേക്ക് പോകേണ്ടി വരും.

ബാസൽ മിഷൻ സ്ഥാപിച്ച പ്രൈമറി പാഠശാലയായിരുന്നു പിന്നീട് തെക്കൻ കർണ്ണാടക ഡിസ്ട്രിക് ബോർഡിൻ്റെ കീഴിൽ ബോർഡ് ഹയർ എലിമെൻ്ററി സ്കൂളായി രൂപാന്തരപ്പെട്ടത് എന്ന് വാമൊഴിയായി പകർന്നു കിട്ടിയ അറിവുവച്ചു പറയേണ്ടി വരും.

1902 മുതലോ അതിനു മുമ്പോ ആയിരിക്കണം സ്കൂൾ സ്ഥാപിക്കപ്പെട്ടതെന്നതിന് തെളി വായി സ്കൂൾ ഗ്രൗണ്ടിൽ കാണുന്ന കിണറിൻ്റെ ഉണിൽ മുകൾ ഭാഗം സിമൻ്റിൽ തീർത്ത ഡി.ബി 1902 എന്ന ലിഖിതം സാക്ഷ്യപ്പെടുത്തുന്നു.

1926 മുതൽ 1952 വരെ ഈ സ്കൂളിൻ്റെ പ്രധാനാദ്ധ്യാപകനായി സേവനമനുഷ്ഠിച്ച ശ്രീ ദേവരായ മാസ്റ്റർ ഒരു ജനതയുടെ മുഴുവൻ ആദരവും പിടിച്ചു പറ്റിയിരുന്നതായി പഴയ തലമുറ സാക്ഷ്യപ്പെടുത്തുന്നു.

ആദ്യകാലത്ത് ആറാം തരം മുതൽ എട്ടാം തരം വരെ കന്നഡ ഭാഷയിൽ മാത്രമായി രുന്നു അദ്ധ്യയനം. ഹോസ്ദുർഗ്ഗിൻ്റെ നാനാഭാഗത്തുനിന്നും മലയാളമാധ്യമത്തിൽ 5-ാം തരത്തിൽ പാസ്സായ കുട്ടികൾക്കു തുടർപഠനത്തിനുള്ള ഏകവിദ്യാലയം കന്നഡമാധ്യമത്തി ലുള്ള ബോർഡ് സ്കൂൾ മാത്രമായിരുന്നു. കന്നഡ ഭാഷ പഠിച്ചതിനുശേഷം മാത്രമേ പഠനം തുടരാൻ നിവൃത്തി ഉണ്ടായിരുന്നുള്ളൂ.

1940 നു മുമ്പ് തന്നെ ഇവിടെ മലയാളം മാധ്യമം ആരംഭിച്ചതായി കരുതണം. റിട്ട യേർഡ് ഡി ഡി ഇ ശ്രീകൃഷ്ണ അഗ്ഗിത്തായ മാഷുടെ ഇളയച്ഛൻ ശ്രീ വല്ലഭ മാസ്റ്ററുടെ കാലത്താണ് സ്കൂൾ ഹൈസ്കൂളായി ഉയർത്താനുള്ള ശ്രമം ആരംഭിച്ചത്. പ്രമുഖ ഗാന്ധി യൻ കമ്മ്യൂണിസ്റ്റ് ശ്രീ കെ.മാധവേട്ടൻ ചെയർമാനും ആർട്ടിസ്റ്റ് ശ്രീ ടി.രാഘവൻ മാസ്റ്റർ കൺവീനറും പ്രമുഖ വ്യാപാരിയും പൊതുപ്രവർത്തകനുമായ ശ്രീ കെ ഉമേഷ കാമത്ത് ട്രഷററുമായി ഹൈസ്കൂൾ സ്പോൺസിംങ് കമ്മിറ്റി ഉണ്ടാക്കി. 4 ക്ലാസ്സ് റൂം കെട്ടിടവും 2.25 ഏക്കർ കളിസ്ഥലം കോട്ടയ്ക്കകത്ത് തരപ്പെടുത്തി സർക്കാരിന് കൈമാറിയതോടെ 1980 ൽ ഹോസ്ദുർഗ്ഗ് ഹൈസ്കൂൾ ആയി. തീർത്ഥംങ്കരയിലെ ശ്രീ ടി.കുഞ്ഞിരാമൻ മാസ്റ്റർക്കായിരുന്നു ആദ്യത്തെ പ്രഥമാദ്ധ്യാപകൻ്റെ ചുമതല. 1986 ൽ എൽ.പി. വിഭാഗം പൂർണ്ണമായും ഒഴിവായി. 2004 മുതൽ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തിച്ചുവരുന്നു.
കേണൽ ശ്രീ അശോക് കിണി, ശ്രീ.എച്ച് ദിനേശ ഐ.എ.എസ്, ഡോ. കെ.ജി പൈ തുട ങ്ങിയ ഒട്ടേറേ പ്രമുഖർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ ആയിരുന്നു.

# ഹൈസ്കൂൾ വിഭാഗം

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# ഹിന്ദി ( HS ) - 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ഹിന്ദി ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | ഹിന്ദി കഥകളും കവിതകളുംകേൾക്കാനും വായിക്കാനുമുള്ള അവസരം ഒരുക്കുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | 1000 |
| 2) ഹിന്ദി ഭാഷ നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു | സുരീലി ഹിന്ദി വർക്ക് ഷീറ്റുകൾ ,ലൈബ്രറി എന്നിവ ഉപയോഗപ്പെടുത്തുന്നു ICT ഉപയോഗപ്പെടുത്തിക്കൊണ്ട് Audio vedio പ്രദർശനം സാധ്യമാക്കുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | 2000 |
| 3) ഭാഷാനൈപുണി രൂപപ്പെടുത്തൽ ഹിന്ദിഎഴുതാനും വായിക്കാനും ആശയങ്ങൾപ്രകടിപ്പിക്കാനും പ്രാപ്തരാവുന്നു | കളികളിയുടെയും മത്സര പരിപാടികളിലൂടെയും ഹിന്ദി അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കാൻ പ്രാപ്തരാക്കുന്നു ഗ്രൂപ്പ് അടിസ്ഥാനത്തിൽ അക്ഷരക്കാർഡുകൾ നൽകി വാക്കുകളും വാക്യങ്ങളും തയ്യാറാക്കുന്നു.വായനമത്സരങ്ങളിലൂടെ ഭാഷ പുരോഗതി സാധ്യമാക്കുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | 1000 |
| 5)സർഗ്ഗാത്മകത കുട്ടിയുടെ സർഗ്ഗാത്മകമായ വികാസം സാധ്യമാകുന്നതോടൊപ്പം ഹിന്ദി ഭാഷാ സാഹിത്യങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാവുന്നു | ഹിന്ദി ദിനാചരണങ്ങളുടെ ഭാഗമായി നടത്തുന്ന സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ ഉത്പന്നങ്ങൾ ഹിന്ദി പത്രികയായി പ്രസിദ്ധപ്പെടുത്തുന്നു | പ്രത്യേക ദിനങ്ങളിൽ | ഹിന്ദി അധ്യാപകർ മറ്റ് സ്റ്റാഫ് അംഗങ്ങൾ | 1000 |
| 6)തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യംഹിന്ദി ഭാഷ | ഹിന്ദി ഭാഷക്കാരുമായി സംവദിക്കാൻ അവസരം നൽകുന്നു. സാധ്യമെങ്കിൽ | | | |

| | | | | |
|---|---|---|---|---|
| സായത്തമാക്കുന്നതിലൂടെ വിവർത്തകർ വാർത്താ വായനക്കാർ ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലികൾക്കായി കുട്ടികളെ പ്രാപ്തരാക്കുന്നു. | പ്രശസ്ത ഹിന്ദി ജേർണലിസ്റ്റുമായി അഭിമുഖം. നടത്തുന്നു | ഡിസംബർ | ഹിന്ദി അധ്യാപകർ പി ടി എ | 3000 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ  മലയാളം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാശേഷി വികസന ലക്ഷ്യത്തിനായി | വിദ്യാരംഗം സാഹിത്യ വേദി രൂപീകരണവും പ്രവർത്തനവും<br>ലൈബ്രറി പുസ്തക വിതരണം<br>സ്കൂൾ റേഡിയോ<br>വിശേഷദിനാചരണങ്ങൾ<br>എഴുത്തുകാരുടെ ജനന മരണ ദിനങ്ങളുടെ ഓർമ്മ പുതുക്കൽ | അക്കാദമിക വർഷം | മലയാളം അധ്യാപകർ | 2000 |
| വായന ശേഷീവികസനം<br>പുസ്തകക്കൂട്ട് | വായനാവാരാചരണം<br>പുസ്തകൂട്ട് _ രൂപീകരണം<br>ക്ലാസിലെ 5 കുട്ടികളെ ചേർത്ത് ഗ്രൂപ്പാക്കുകയും ഒരാഴ്ച ഒരു പുസ്തകം എന്ന നിലയിൽ എല്ലാ കുട്ടികളും വായിക്കുകയും ചെയ്യുക<br>ബഷീർ ദിനാചരണം_<br>ബഷീർ പതിപ്പ് നിർമ്മാണം,<br>പുസ്തക പ്രദർശനം,<br>ഡോക്യുമെൻ്ററി, ഷോർട്ട് ഫിലിം പ്രദർശനം | | മലയാളം അധ്യാപകർ | 3000 |

| | | | | |
|---|---|---|---|---|
| അവതരണ ശേഷി ആസ്വാദന ശേഷി | ചലച്ചിത്ര പ്രദർശനങ്ങൾ<br>പഠനയാത്രകൾ<br>വാർത്താ വായന<br>ICT ഉപയോഗപ്പെടുത്തി പത്ര നിർമാണം | | മലയാളം അധ്യാപകർ | 2000 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ആശയധാരണ കൈവരിക്കൽ | Pretest നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | 1 അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ<br>2.<br>3. അധ്യാപകർ | |
| 2)നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടിയുടെ ലഭ്യത - ശില്പശാല | | | |
| 3) ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ഗണിത ക്ലബ്ബ് - പ്രവർത്തനങ്ങൾ_ശില്പശാ | | | |
| 4) അടിസ്ഥാനശേഷികൾ കൈവരിക്കൽ | 4) പാഠാസൂത്രണം, ചർച്ചകൾ എന്നിവയിലൂടെ എല്ലാവർക്കും അടിസ്ഥാനശേഷികൾ നൽകി ലക്ഷ്യം കൈവരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |
| 5) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | 5) സ്കൂൾ പരിസരത്തെ മറ്റ് ഗണിത അധ്യാപകരും കുട്ടികളും ചേർന്ന കൂട്ടായ്മ | ശനിയാഴ്ചകളിലും അവധി ദിവസങ്ങളിലും | | |
| 6) ഗണിത മത്സര വേദിയിലേക്ക് | മത്സരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കൽ | മാസത്തിൽ ഒന്നോ രണ്ടോ | | |
| 7) ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന സാമഗ്രികൾ നിർമ്മിക്കൽ | അക്കാദമിക് വർഷം ഒന്ന് | | |
| 8) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ നടത്തുന്ന PTA മീറ്റിംഗിൽ | മാസത്തിൽ ഒന്ന് | | |
| 9 ) ഗണിത പൂക്കളം | ജ്യോമടിക്കൽ പാറ്റേണിൽ | ആഗസ്റ്റ് മാസം | | |

| | | | | |
|---|---|---|---|---|
| | പൂക്കളം നിർമ്മിക്കുന്നു. | | | |
| 10) formative Assessment | Unit test Project Seminar Assignment | മാസത്തിൽ ഒന്ന് | | |
| 11) ഗണിതപ്രാധാന്യ ദിനങ്ങൾ ആചരിക്കൽ | 11 ) day celebration ഗണിത കലാ പരിപാടികൾ, പ്രദർശനങ്ങൾ<br>കാലം | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26
## ഉപമേഖല ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | ശാസ്ത്ര ലക്ഷ്യങ്ങൾ : ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളുടെ അവതരണം<br>പരീക്ഷണ ക്കളരി | ജൂൺ<br>മാർച്ച് | ശാസ്ത്ര ക്ലബ് |
| ശാസ്ത്ര ലാബ് ഒരുക്കൽ ഉപകരണങ്ങൾ വാങ്ങൽ | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രത്യേകം ക്രമീകരിക്കൽ-<br>ആവശ്യമായ സാമഗ്രികൾ വാങ്ങൾ | ജൂൺ ജൂലൈ | ശാസ്ത്ര ക്ലബ് ശാസ്ത്രാദ്ധ്യാപകർ |
| ദിനാചരണങ്ങൾ - ശാസ്ത്രബോധം<br>വ്യക്തി ചിന്ത വളർത്തൽ | ചാന്ദ്രദിനം ഓസോൺ ദിനം CV രാമൻ ദിനം ദേശീയ ശാസ്ത്ര ദിനം എന്നിവ ആഘോഷിക്കൽ | ജൂലൈ മാർച്ച് | ശാസ്ത്ര ക്ലബ് ശാസ്ത്രാദ്ധ്യാപകർ |
| ഉപകരണങ്ങൾ നിർമ്മിക്കൽ | LED ബൾബ് നിർമ്മാണം | ഡിസംബർ | ശാസ്ത്ര അദ്ധ്യാപകർ |
| ഉൽപന്ന നിർമ്മാണ പരിശീലനം. | സോപ്പ് നിർമ്മാണത്തിൽ പരിശീലനം നൽകൽ<br>വില്പന, സാമ്പത്തികകാര്യങ്ങൾ എന്നിവ കുട്ടികൾ ഏറ്റെടുത്ത് ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്ര ക്ലബ് |

# Arabic

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിക് നിഘണ്ടു പരിചയപ്പെടാം<br>هيا نفهم معجم العربية | നിഘണ്ടു പരിചയപ്പെടൽ | ജൂൺ - ആഗസ്ത് | AT | |
| | ക്രിയകൾ മനസ്സിലാക്കൽ | ജൂൺ - ആഗസ്ത് | AT | |
| | എന്റെ നിഘണ്ടു | ജൂലൈ- ജനുവരി | AC | 200/- |

**പ്രശ്നം:** പദസമ്പത്തിന്റെ കുറവ്
**ലക്ഷ്യം:** പദസമ്പത്ത് വർദ്ധിപ്പിക്കൽ, അറബിക് ഭാഷയെ കൂടുതൽ അറിയൽ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദങ്ങളെ പരിചയപ്പെടാം | പദച്ചങ്ങല നിർമ്മാണം | ജൂലൈ- ജനുവരി | AC | 100/- |

| | | | | |
|---|---|---|---|---|
| هيا نفهم ألفاظ العربية | പദപയറ്റ് | ജൂലൈ | AC | 200/- |
| | പദകേളി | ജൂലൈ- ആഗസ്ത് | AC | 200/- |
| അറബിക് ക്ലബ്ബ്<br>نادي اللغة العربية | ക്ലബ്ബ് രൂപീകരണം | ജൂൺ 28 | AC | |
| | ക്ലബ്ബ് പ്രവർത്തന കലണ്ടർ | ജൂലൈ | AC, CLUB Members | |
| | **"അന്നശീത്വ്"** അറബിക് സ്കോളർഷിപ്പ് പരീക്ഷ | ആഗസ്ത്- സെപ്തംപർ | AC | 1000/- |

| | | | | |
|---|---|---|---|---|
| هيا نفهم ألفاظ العربية | പദപയറ്റ് | ജൂലൈ | AC | 200/- |
| | പദകേളി | ജൂലൈ-ആഗസ്ത് | AC | 200/- |
| അറബിക് ക്ലബ്ബ് نادي اللغة العربية | **ക്ലബ്ബ് രൂപീകരണം** | **ജൂൺ 28** | AC | |
| | ക്ലബ്ബ് പ്രവർത്തന കലണ്ടർ | ജൂലൈ | AC, CLUB Members | |
| | **"അന്നശീത്വ്"** അറബിക് സ്കോളർഷിപ്പ് പരീക്ഷ | ആഗസ്ത്-സെപ്തംപർ | AC | 1000/- |

# അക്കാദമിക മാസ്റ്റർ പ്ലാൻ സോഷ്യൽ സയൻസ് 2025–26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂപട വായന ശീലം കുട്ടികളിൽ വളർത്തുക.സ്ഥല നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യംകൈവരിക്കു ക | അത് ലസ് മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്ന ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ കുട്ടികളെ സഹായിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ അധികൃധർ |
| മതേതരത്വം, സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുക | നമ്മൾ ഒറ്റക്കെട്ടായി: സർവ്വേ ,,പ്രൊജക്ട്, ചർച്ചകൾ, സംവാദം ക്ലാസുകൾ എന്നിവയിലൂടെ ജനാധിപത്യ ബോധം വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ് | |
| കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്ര ബോധത്തിൽ നിന്നും ഭാവിരൂപ്പെടുത്തുക. | ചരിത്രത്തിന്റെ വഴിയിലൂടെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | സിനിമ റൂം സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ് മത്സരങ്ങൾ ,ദിനാചരണങ്ങൾ . പ്രശ്നോത്തരി സംവാദം എന്നിവയെക്കുറിച്ച് | ജൂൺ - ഓഗസ്റ്റ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA സ്കൂൾ അധികൃധർ |

| | | | | |
|---|---|---|---|---|
| | ധാരണ നൽകൽ<br>വീഡിയോ പ്രദർശനം നടത്തുന്നു.<br><br>കാലം | | | |

# Academic master plan biology

| പ്രവർത്തനങ്ങൾ | ലക്ഷ്യം | പദ്ധതി | | |
|---|---|---|---|---|
| പച്ചത്തുരുത്ത് നിർമ്മാണം | നെറ്റ് സീറോ കാർബൺ കേരള - ക്യാമ്പസ് തയ്യാറാക്കൽ | പരിസ്ഥിതി സംരക്ഷണം<br>ഹരിത കേരള മിഷൻ | | |
| Say no to Drugs<br>ബോധ വൽക്കരണ ക്യാമ്പുകൾ<br>നൃത്തശില്പം<br>റാലി<br>നാടകം | ലഹരിമുക്ത വിദ്യാലയം | വിമുക്തി | | |
| ആരോഗ്യബോധവൽക്കരണ ക്ലാസ്<br>മഴക്കാല രോഗങ്ങൾ | മലക്കാല പകർച്ചവ്യാധിയുടെ വ്യാപനം തടയൽ' | ആരോഗ്യ സുരക്ഷ | | |

# യു പി വിഭാഗം

# അക്കാദമിക മാസ്റ്റർ പ്ലാൻ  സയൻസ്  യുപി 2025-26

| | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ലാബ് പരിചയപ്പെടൽ | സ്കൂളിലെ ശാസ്ത്ര ലാബിലെ ഉപകരണങ്ങൾ രാസവസ്തുക്കൾ പഠനോപകരണങ്ങൾ എന്നിവ പരിചയപ്പെടുത്തി അവ സൂക്ഷിക്കുന്നതും അവ കൈകാര്യം ചെയ്യുന്നതിനുള്ള അവബോധം ഉണ്ടാക്കുക | ജൂൺ 4,5 | സയൻസ് അധ്യാപകർ | |
| നാം ജീവിക്കുന്ന പരിസ്ഥിതിയെക്കുറിച്ചും അതിൻറെ സംരക്ഷണത്തെക്കുറിച്ചും  കുട്ടികളിൽ അവബോധം ഉണ്ടാക്കൽ | ലോക പരിസ്ഥിതി ദിനം ജൂൺ 5 സ്കൂൾ കോമ്പൗണ്ടിലും പുറത്തും മരങ്ങൾ വെച്ചുപിടിപ്പിക്കൽ കുട്ടികൾക്ക് വൃക്ഷത്തൈ നൽകൽ | ജൂൺ അഞ്ചിന് തുടങ്ങി | സയൻസ് ക്ലബ്ബ് | |
| കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കൽ | ഫീൽഡ് ട്രിപ്പ്<br><br>പടന്നക്കാട് പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ ഏഴാം ക്ലാസിലെ കുട്ടികളെ കൊണ്ടു പോകൽ | ജൂൺ 26 | മധുസൂദനൻ വിനോദ് കുമാർ കല്ലത്ത് | രക്ഷിതാക്കൾ |
| നിരീക്ഷണം വിശകലനം എന്നിവയിലൂടെ ജീവികൾ തമ്മിലുള്ള ആഹാരബന്ധം മനസ്സിലാക്കി ഓരോ ജീവിയുടെയും നിലനിൽപ്പിന്റെ പ്രാധാന്യം തിരിച്ചറിയുക | കുളം പൂന്തോട്ടം സന്ദർശിക്കൽ സയൻസ് അധ്യാപകർ | ജൂൺ 28 | സയൻസ് അധ്യാപകർ | |
| നിരീക്ഷണം വിശകലനം എന്നിവയിലൂടെ ജീവികൾ തമ്മിലുള്ള ആഹാരബന്ധം മനസ്സിലാക്കി ഓരോ ജീവിയുടെയും നിലനിൽപ്പിന്റെ | അധിനിവേശക്കാർ പ്രോജക്ട് നമ്മുടെ പ്രകൃതിയെ ദോഷകരമായി ബാധിക്കുന്ന അധിനിവേശക്കാരായ സസ്യങ്ങൾ ജന്തുക്കൾ എന്നിവരെ കണ്ടെത്തുന്നതിനും അവർ | ജൂൺ 30 - ജൂലൈ 7 | സയൻസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പ്രാധാന്യം തിരിച്ചറിയുക | ഉണ്ടാക്കുന്ന ദോഷങ്ങൾ കണ്ടെത്തുന്നതിനും പ്രോജക്ട് ചെയ്യൽ | | | |
| നിരീക്ഷണം വിശകലനം എന്നിവയിലൂടെ ജീവികൾ തമ്മിലുള്ള ആഹാരബന്ധം മനസ്സിലാക്കി ഓരോ ജീവിയുടെയും നിലനിൽപ്പിന്റെ പ്രാധാന്യം തിരിച്ചറിയുക | കുറിച്ചും കൂടുതൽ മനസ്സിലാക്കുന്നതിന് ഡോക്ടറുമായുള്ള അഭിമുഖം ആരോഗ്യരംഗത്തെ പ്രമുഖ ഡോക്ടറുമായി അഭിമുഖം നടത്തി രോഗങ്ങളെ കുറിച്ചും പ്രതിരോധ വാക്സിനുകളെ കുറിച്ചും മനസ്സിലാക്കി അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു | ജൂലൈ 16 | സയൻസ് അധ്യാപകർ | |
| ആസിഡുകളെയും ബേസുകളെയും തിരിച്ചറിയുന്നതിനുള്ള പ്രകൃതിദത്ത സൂചകങ്ങളെ കണ്ടെത്തൽ | പ്രൊജക്റ്റ് പ്രകൃതിദത്ത സൂചകങ്ങളായി ഉപയോഗിക്കാൻ പറ്റുന്ന ഏതൊക്കെ ചെടികളുടെ പൂക്കളോ ഇലകളോ മറ്റോ ഉപയോഗിക്കാമോ എന്ന് കണ്ടെത്തുന്നതിനായി അന്വേഷണാത്മക പ്രൊജക്റ്റ് നടത്തി അവതരിപ്പിക്കാൻ അവസരം നൽകുന്നു | ജൂലൈ 9 മുതൽ 14 വരെ 7st | സയൻസ് അധ്യാപകർ | |
| ആധുനിക ശാസ്ത്രത്തിലെ നൂതന കണ്ടെത്തലുകൾ | ശാസ്ത്ര വിസ്മയ ചുമർ ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകളും ആനുകാലികങ്ങളിലും മറ്റും വരുന്ന ലേഖനങ്ങളും ചിത്രങ്ങളും പ്രദർശിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ് | PTA |
| ശാസ്ത്രജ്ഞൻമാരെ കുട്ടികളെ | ഓരോ മാസവും ഓരോ ശാസ്ത്രജ്ഞനെ | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| പരിചയപ്പെടുത്തൽ | പരിചയപ്പെടുത്തുന്നു | | | |
| ശാസ്ത്ര മാസികകളും മറ്റും വായിക്കുന്നതിന് കുട്ടികളിൽ ആഭിമുഖ്യം വളർത്തുക | ശാസ്ത്ര വായനാ മൂല സ്കൂൾ വായനാ മൂലയിൽ ശാസ്ത്ര പുസ്തകമായ യുറിക്കാ തുടങ്ങിയവ ലഭ്യമാക്കുകയും അവ ഉൾപ്പെടുത്തി മാത്രം മാസംതോറും ക്വിസ് നടത്തി കൂടുതൽ ശാസ്ത്ര ആശയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ് | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഇംഗ്ലീഷ് – യുപി വിഭാഗം യുപി 2025–26

ലക്ഷ്യം : ലിസണിങ് , സ്പീക്കിംഗ്
റീഡിങ് ,റൈറ്റിംഗ് ,ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ കേട്ട് മനസ്സിലാക്കുന്നതിനും പറഞ്ഞ പ്രകടിപ്പിക്കുന്നതിനും എഴുതി പ്രകടിപ്പിക്കുന്നതിനും ശേഷി നേടുന്നു,
സർഗ്ഗശേഷി
ഇംഗ്ലീഷ് ഭാഷയിലെ കൃതികൾ സാഹിത്യ സൃഷ്ടികൾ വിവിധ വ്യവഹാര രൂപങ്ങൾ എന്നിവ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനും സാഹിത്യസൃഷ്ടി നടത്തുന്നതിനും ശേഷി നേടുന്നു
പൊതുലക്ഷ്യങ്ങൾ
ഭാഷാപരമായ ശേഷികളുടെ വികസനം ആധുനിക സാങ്കേതികവിദ്യയുടെ ഐസിടിസി ഡി അക്കാദമിക പോർട്ടലുകൾ ഇന്റർ ആക്ടീവ് ക്ലാസ് റൂം നവമാധ്യമ സാധ്യത പ്രയോജനപ്പെടുത്തി പഠനം കൂടുതൽ താല്പര്യമുണർത്തുന്നതും അനായാസവും ആക്കുന്നതിന്
നിലവാരമുള്ള കുട്ടികളെ കൂടുതൽ പരിശീലനം നൽകി ഉയർന്ന നിലവാരത്തിൽ എത്തിക്കുക
സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് കൈത്താങ്ങ് നൽകി മറ്റു കുട്ടികൾക്ക് ഒപ്പം എത്തിക്കുക
സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി എന്നിവ മെച്ചപ്പെടുത്തുന്നതിനും ഉപയോഗപ്രദമായി വിനിയോഗിക്കുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും എത്തിക്കുന്നതിനും കുട്ടികളിൽ ജനാധിപത്യബോധം വിമർശനാത്മക ചിന്ത ഇവ വളർത്തുന്നതിനും ലക്ഷ്യമിടുന്നു

| **മേഖല** | **പ്രവർത്തനം** | **ലക്ഷ്യം** | **കാലം സമയം** | **ഭൗതികം** |
|---|---|---|---|---|
| ഭാഷാപരമായ ശേഷികളുടെ വികസനം | ലിസണിങ് | ഇംഗ്ലീഷിൽ ആശയങ്ങൾ കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനും ശേഷി നേടുന്നു | ജൂൺ ജൂലൈ | ലാപ്ടോപ്പ് മൊബൈൽ |
| | സ്പീക്കിംഗ് | ഒഴുക്കോടെയും തെറ്റില്ലാതെയും ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനു ശേഷ നേടുന്നു | ആഗസ്റ്റ് സെപ്റ്റംബർ | റെക്കോർഡിങ് സിസ്റ്റം ലാപ്ടോപ്പ് മൊബൈൽ |
| | റീഡിങ് | ഇംഗ്ലീഷ് തെറ്റില്ലാതെയും ഒഴുക്കോടെയും വായിക്കുന്നതിനും മനസ്സിലാക്കുന്നതിനും ഉള്ള ശേഷി നേടുന്നു | ഒക്ടോബർ നവംബർ | മാഗസിനുകൾ പത്രം |

| | | | | പുസ്തകങ്ങൾ |
|---|---|---|---|---|
| സർഗ്ഗപരമായ ശേഷി വികസനം | റൈറ്റിംഗ് | വ്യാകരണ തെറ്റില്ലാതെ ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു | ഡിസംബർ ജനുവരി | ചാർട്ട് മാർക്കറുകൾ |
| | ആസ്വാദനം | വ്യത്യസ്ത സാഹിത്യ രൂപത്തിലുള്ള സൃഷ്ടികൾ വായിച്ച് ആസ്വദിക്കുന്നതിനു ശേഷി നേടുന്നു | ജനുവരി ഫെബ്രുവരി | പേപ്പർ |
| | സർഗ്ഗസൃഷ്ടി | വ്യത്യസ്ത സാഹിത്യരൂപങ്ങളിൽ സാഹിത്യസൃഷ്ടി നടത്തുന്നതിനുള്ള ശേഷി | ഫെബ്രുവരി മാർച്ച് | മാർക്കർ പെ ൻ |

# അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം – യുപി വിഭാഗം 2025–26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാനക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല കളി രീതിയിലൂടെ ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | ഗണിത അധ്യാപക | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | നിലവിലുള്ള ഗണിതലാബ് വിപുലപ്പെടുത്തൽ ഗണിത ലാബിൽ വെച്ച് ഗണിത ക്ലാസ് | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | ഗണിത ക്ലബ്ബ് പിടിഎ |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനങ്ങളുടെ ശേഷി വികാസവും | വിവിധ ജാമിതീയ പാറ്റേണുകൾ നൽകി അത് വരക്കാനുള്ള പരിശീലനം വർഷം മുഴുവനും ഗണിത ക്ലബ്ബ് ഐടി അധിഷ്ഠിത ഗണിത പഠനം ജാമിതീയ രൂപങ്ങൾ ചതുഷ്കൃയകൾ ഭിന്നസംഖ്യകൾ ഐടി സാധ്യത ഉപയോഗപ്പെടുത്തി കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| | | | | |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കൽ | നിൽക്കുന്നവരെ കണ്ടെത്തി അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് ആവശ്യമായ പരിശീലനം നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകർ സമർത്ഥരായ കുട്ടികൾ | |

# അക്കാദമിക മാസ്റ്റർപ്ലാൻ മലയാളം യുപി വിഭാഗം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം . ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു ഭാഷാകേളി അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് ഉച്ചരിച്ച് അക്ഷരശുദ്ധി ,ആസ്വാദ നം എന്നിവ വളർത്തുന്നു | ജൂൺ | മലയാളം അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | വാർത്താലോകത്തിലേ ക്ക് പത്രം ,ആഴ്ചപ്പതിപ്പ് ,മാ സികകൾ എന്നിവ യുടെ വായന -പ്രതികരണ ശേഷി -ഉച്ചാരണശുദ്ധി എന്നിവ വളർത്തുന്നു അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ളാസ് ,സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു | പ്രതിവാരം/ പ്രതിമാസം /വർഷത്തിൽ പ്രാവശ്യം | മലയാളം ക്ലബ്<br>മലയാളം ക്ലബ് | |
| സാഹിത്യകൃതികളോടു ം സാഹിത്യകാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി | സംവാദം മുഖാ മുഖ ം സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം അധ്യാപകർ ഹെഡ്മാസ്റ്റർ | PTA |

| | | | | |
|---|---|---|---|---|
| വളർത്തൽ | ഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിൽ പരിശീലിപ്പിക്കുകയും ഈ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന | ഒരു വര്ഷം | മലയാളം ,IT അധ്യാപകർ | മലയാളം ക്ലബ് |
| മലയാളം കമ്പ്യൂട്ടറിൽ പരിജ്ഞാനം നേടി എടുക്കലും സർഗാത്മകശേഷി വളർത്തലും | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്ന | അക്കാദമിക വർഷം | മലയാളം അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ ,ലഘുനാടകങ്ങ ൾതുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്ന .വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശിൽപ്പശാലകൾ നടത്തുന്നു | തുടക്കത്തിൽ ആഴ്ചയിൽ ഒരിക്കൽ പിന്നീട് എല്ലാ ദിവസവും | ക്ലാസ് ലീഡർ സ്കൂൾ ലീഡർ മലയാളം അധ്യാപകർ | വിവിധ ക്ളബുകൾ PTA |
| കുട്ടികളുടെ ആകാശവാണി അവതരണം | ആകാശവാണി ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്ന .വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്ന .വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന് ആസ്വാദനം | | | |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കിയ അവതരിപ്പിക്കുന്നു .ഓരോ ആഴ്ചയിലെയും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു .സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | | | |

# അക്കാദമിക മാസ്റ്റർപ്ലാൻ  സാമൂഹ്യശാസ്ത്രം യുപി വിഭാഗം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അടിസ്ഥാന ശേഷികൾ കണ്ടെത്തൽ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് WORKSHEET ഓരോ പഠിതാവിനും നൽകുന്ന വർഷീമുക | JUNE<br>അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | കുട്ടികളെ അറിയാം അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാ വബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field TriP ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യ മുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | ജനാധിപത്യത്തിന്റെ | അക്കാദമിക വർഷാരംഭം | | |

| | | | | |
|---|---|---|---|---|
| ) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്ന | പ്രാധാന്യവും ആവശ്യകതയും ഉൾക്കൊള്ളുന്നതിന് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സമ ഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്ന | പ്രകൃതി ദുരന്താവബോധം വളർത്തിയെടുക്കുന്നതിന് ബോധവത്ക്കരണ ക്ലാസും അഗ്നിശമന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ളാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനി പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 6) വിവരവിനിമയ സാങ്കേ തിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാ ന്മാരാക്കുന്നു. | നന്മകളെ ഉയർത്താം വളർത്താം പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു മിതവ്യയ ശീലത്തിൻ്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത | അക്കാദമിക വർഷാ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു | പ്രദേശങ്ങ ളിൽ ആശ്വാസഹസ്തമാകുന്നു<br><br>വലക്കണ്ണികളിൽ അകപ്പെടാതെകരുതലോടെ മുന്നോട്ട് സാമൂഹ്യ ശാസ്ത്ര ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിൻ്റെ യും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു<br><br>(ഫീൽഡ് ട്രിപ്പ്, സർവ്വേ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യൻ്റെ ഇട പെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാട കൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | | |

# അക്കാദമിക മാസ്റ്റർപ്ലാൻ  അറബിക് യുപി വിഭാഗം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷര വായന<br>ക്ലാസ് വായന<br>ചിത്ര വായന<br><br>മാഗസിൻ വായന<br>വീട്ടിലെ വായന<br><br>കഥ വായന<br><br>വായനാ മത്സരങ്ങൾ<br>മോണിറ്ററിംഗ്<br>വാക്യങ്ങൾ ഉറപ്പിക്കൽ<br>വ്യാകരണങ്ങൾ<br>ഇ വായന | June-JULY<br>JUNE -FEBRUARY<br><br><br>Nov- Dec<br><br><br><br><br>June -March | അധ്യാപകർ | PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാകുന്നതിന് | ക്ലാസ് റൂം സംഭാഷണം<br><br>ലാംഗ്വേജ് ഗെയിംസ്<br><br>* കാർട്ടൂൺ<br><br>അറബി അസംബ്ലി.<br>അറബി സംഭാഷണങ്ങൾ കുട്ടികളെ കേൾപ്പിക്കുന്നു | August -Feb | അധ്യാപകർ | അധ്യാപകർ<br><br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ | June-march | അധ്യാപകർ | അധ്യാപകർ<br><br>PTA |

| | | | | |
|---|---|---|---|---|
| | ഉറപ്പിക്കൽ<br><br>പദങ്ങൾ ഉറപ്പിക്കൽ<br><br>ചിഹ്നങ്ങൾ<br>ഉറപ്പിക്കൽ<br>കുട്ടി എഴുത്ത്<br>അക്ഷരക്കാർഡ്<br>നിർമാണം<br><br>കൈയ്യെഴുത്<br>മാസിക<br><br>ചുമർ പത്രിക<br>നിർമാണം<br>ചാർട്ടെഴുത്ത്<br>ചിത്രകഥ<br>നിർമ്മിക്കൽ<br>ദിനാചരണങ്ങളുമായ<br>ി ബന്ധപ്പെട്ട<br>പോസ്റ്റർ ഡയറി<br>എഴുത്ത് | september -october | അധ്യാപകർ | |

| महीना | दिवस | गतिविधियाँ |
|---|---|---|
| जून | 5 | पर्यावरण दिवस: पेड़-पौधों का वितरण, पोस्टर बनाना, प्रतिज्ञा लेना। |
| जून | 19 | वाचन दिवस: वाचन कार्ड का वाचन, पोस्टर बनाना, उद्घोषण करना। |
| जून | 26 | लोक नश-निषेध दिवस: पोस्टर बनाना, प्रतिज्ञा लेना, नारे लगाना, भाषण देना। |
| जुलाई | 31 | मुंशी प्रेमचंद जयंती: पोस्टर बनाना, पेंसिल ड्राइंग करना। |
| अगस्त | 15 | स्वतंत्रता दिवस: पोस्टर बनाना, देशभक्ति गीत गाना, संकेत पट तैयार करना। |
| सितंबर | 5 | अध्यापक दिवस: भाषण देना, पोस्टर बनाना, टिप्पणी लेखन, प्रश्नोत्तरी, चित्र रचना। |
| सितंबर | 14 | हिंदी दिवस: पोस्टर बनाना, कविता रचना, नाटक मंचन, चित्र रचना, पत्र रचना, कवितालापन। |
| अक्टूबर | 2 | गांधी जयंती: पोस्टर बनाना, भाषण देना, पेंसिल ड्राइंग करना। |
| नवंबर | 1 | केरल का जन्मदिन: पोस्टर बनाना, केरल से संबंधित गीत सुनाना, केरल के नक्शे की रचना करना। |
| नवंबर | 14 | बाल दिवस: नेहरू टोपी निर्माण, पोस्टर बनाना। |
| दिसंबर | 25 | क्रिसमस: क्रिसमस कार्ड निर्माण। |
| जनवरी | 26 | गणतंत्र दिवस: पोस्टर बनाना, भाषण देना, ड्राइंग्स बनाना। |

# ഉപസംഹാരം

ഒട്ടേറെ പരിമിതികൾക്കിടയിലും പുരോഗതിയുടെ പടവുകളിലാണ് നാം. നഗരമധ്യത്തി ലുള്ള ഈ പൊതുവിദ്യാലയം കെട്ടിലും മട്ടിലും ആകർഷമാക്കാനുള്ള തീവ്ര ദൗത്യം നാം ഏറ്റെടുത്തേ പറ്റൂ. നാടിൻ്റെ മതേതര മൂല്യം കാത്തുസൂക്ഷിച്ച് സൗഹാർദ്ദത്തിന്റെ പാതയി ലൂടെ മുന്നോട്ടു പോകാനുള്ള വിളക്കു തെളിയിക്കേണ്ടത് ഈ വിദ്യാലയമാണെന്ന ഓർമകൾ നമുക്കുണ്ടാകണം. സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ മാറുന്ന ലോകത്തിനും കാലത്തിനും അനുസൃതമായി പരിവർത്തിപ്പിച്ചെടുക്കേണ്ട ബാധ്യത കൂടി നമുക്കുണ്ട്. രക്ഷിതാക്കൾക്ക് മാത്രമായി ഈ മഹാ ദൗത്യം ഏറ്റെടുത്തു പൂർത്തിയാക്കുക എന്നത് തീർത്തും അസാധ്യമാണ്. സന്നദ്ധ സംഘങ്ങളും അഭ്യുദയകാംക്ഷികളും ജനപ്രതിനിധികളും സർക്കാർ ഏജൻസികളും കൈകോർത്ത് ഈ രേഖയിൽ വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ നിർവഹിക്കാൻ സന്ന ദ്ധമാകണം.